പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1745 06.03.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യുടെ കാര്യശേഷി വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.എസ്.ശിവകുമാർ | | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പു മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പഠനം നടത്തുന്നതിനായി ഏതെങ്കിലും വ്യക്തിയേയോ ഏജൻസിയേയോ നിയോഗിച്ചിട്ടുണ്ടോ; പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിലെ പ്രധാന ശുപാർശകൾ വിശദമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യെ പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിച്ച് വിശദപഠനം നടത്താനായി കൊൽക്കത്ത ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിലെ പ്രൊഫസർ ആയ ശ്രീ. സുശീൽ ഖന്നയെ, 24.09.2016-ലെ സ.ഉ.(സാധാ) നം. 367/2016/ഗതാഗതം പ്രകാരം വിശദ പഠനം നടത്തുവാൻ കൺസൾട്ടന്റായി ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.യുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനായി ഇതേ വ്യക്തിയേയോ ഏജൻസിയേയോ പഠനം നടത്തുന്നതിനായി നിയോഗിച്ചിരുന്നോ; പ്രസ്തുത റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ; | (ബി) | നിയോഗിച്ചിരുന്നു.<br>പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമായി യാതൊന്നും നടപ്പിലാക്കിയിട്ടില്ല. |
| (സി) | കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കും പെൻഷൻകാർക്കും കൃത്യമായി ശമ്പളവും പെൻഷനും വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്? | (സി) | കെ.എസ്.ആർ.ടി.സി.യുടെ വരുമാനവും ചെലവും തമ്മിൽ പൊരുത്തപ്പെടാനാവാത്ത തരത്തിലുള്ള അന്തരമുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ ദൈനംദിന വരുമാനത്തിൽ നിന്ന് വായ്പകൾക്കുള്ള തിരിച്ചടവും ഡീസലിന്റെ ചെലവും മാത്രമേ നിർവ്വഹിക്കാൻ സാധിക്കുന്നുള്ളൂ. ചെലവുകൾ വരുമാനത്തെക്കാൾ അധികരിക്കുന്നതിനാലും പ്രതിദിന ടിക്കറ്റ് വരുമാനത്തിൽ കുറവുണ്ടായിക്കൊണ്ടിരിക്കുന്നതിനാലും പുതിയ |

| | | |
|---|---|---|
| | | വായ്പകൾ എടുക്കാതെ ശമ്പളം നൽകാനാവാത്ത സാഹചര്യം നിലവിലുണ്ട്. എന്നിരുന്നാലും കെ.എസ്.ആർ.ടി.സി.യെ ശാക്തീകരിക്കാനായി പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന 1000 ബസുകൾ അടുത്ത 5 വർഷം കൊണ്ട് നിരത്തിലിറക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന ബസുകൾ നിരത്തിലിറക്കുന്നതിനുള്ള ആദ്യ ഗഡുവായി 50 കോടി രൂപയാണ് പ്രതീക്ഷിക്കുന്ന ചെലവ്. അഞ്ചു വർഷം കൊണ്ട് ഭൂരിഭാഗം ബസുകളും സി.എൻ.ജി. ഇന്ധനത്തിലേക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ബസ് സ്റ്റാൻഡുകളെ ആധുനിക വത്കരിക്കുകയും വരുമാന ദായകമാക്കുകയും ചെയ്യുന്നതാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദന ക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക്ഡൗണുകൾ, അപകടങ്ങൾ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മ പരിപാടി തയ്യാറാക്കുന്നതാണ്. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അഞ്ചോ അതിലധികമോ കെ.എം.പി.എൽ ലഭിക്കുന്ന ഡ്രൈവർമാർക്ക് 100 രൂപ 01.02.2017 മുതൽ പ്രതിദിന ഇൻസെന്റീവ് നല്കിവരുന്നു. കൂടാതെ ബോധവത്കരണ ക്ലാസുകളും ട്രെയിനിംഗും സംഘടിപ്പിച്ചുവരുന്നു. മെയിന്റനൻസിനായി നിരത്തിൽ നിന്നും ബസുകൾ പകൽ സമയം പിൻവലിക്കുന്നത് മൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചു വരുന്നതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ എല്ലാതരം റിപ്പയറുകളും, മെയിന്റനൻസുകളും രാത്രി കാലങ്ങളിലാണ് നടത്തിവരുന്നത്. |

സെക്ഷൻ ഓഫീസർ